# കുവൈറ്റ് കെ.സി.വൈ.എൽ 2015–2016 പ്രവർത്തനോദ്ഘാടനവും യുവജനസംഗമവും



**വ**ർണാഭമായ പ്രോഗ്രാമുകളുമായി ആവേശത്തിരയുണർത്തി കുവൈറ്റ് കെ.സി.വൈ.എൽ പ്രവർത്തന ഉദ്ഘാടനവും യുവജന സംഗമവും സംഘടിപ്പിച്ചു. തുവാനിസ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ ഫാ. ജിബിൽ കുഴിവേലിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

കുവൈറ്റ് ക്നാനായ കൾച്ചറൽ അസോസിയേഷൻ പ്രസിഡന്റ് ശ്രീ. റിനോ ജോസഫ് തെക്കേടത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ കെ.കെ.സി.എ സെക്രട്ടറി ശ്രീ. ജോബി ജോസ് ചാമകണ്ടത്തിൽ, ട്രഷറർ ശ്രീ. റെനീസ് ജേക്കബ്, ശ്രീ. ജിജിമോൻ കുഴിവേലിൽ എന്നിവർ പ്രസംഗിച്ചു. പുതിയ പ്രവർത്തനവർഷത്തിലേയ്ക്ക് കുവൈറ്റ് കെ.സി.വൈ.എൽ ഭാരവാഹികളായി ജിബിൻ ജോസഫ് പന്നിമറ്റത്തിൽ (ചെയർമാൻ), സിബിൻ എബ്രഹാം കളപ്പുരയിൽ (വൈസ് ചെയർമാൻ), ലിജു ജോസഫ് മേക്കാട്ടേൽ (സെക്രട്ടറി), ഷിന്റു തോമസ് തച്ചേരിൽ (ജോയിന്റ് സെക്രട്ടറി), തോമസ് ബാബു മാലേപ്പറമ്പിൽ (ട്രഷറർ) എക്സിക്യൂട്ടീവ് മെംബേഴ്സായി സച്ചിൻ ഫിലിപ്പ് മരോട്ടിക്കുഴിയിൽ, ജോൺ മാത്യു (അനിമോൻ) കോരപ്പള്ളിയിൽ, സാലസ് എബ്രാഹം തൊട്ടിയിൽ, ജിബിൻ ജോണി നാരകത്തിനാംകുന്നേൽ, അരുൺ തങ്കച്ചൻ മുല്ലപ്പള്ളിൽ, ഡോണമോൾ കുര്യാക്കോസ് വട്ടക്കാനായിൽ എന്നിവരെ തെരഞ്ഞെടുത്തു. ക്നാനായ കൾച്ചറൽ അസോസിയേഷൻ അവതരിപ്പിച്ച ശിങ്കാരിമേളത്തിന്റെ അകമ്പടിയോടെയാണ് വിശിഷ്ടാതിഥികളെ സ്വീകരിച്ചത്. തുടർന്ന് അടുത്ത ദിവസങ്ങളിൽ വിവാഹിതരാകുന്ന റിനു, നിമിയ, മാത്യു, ജോഷി എന്നിവർക്ക് കുവൈറ്റ് കെ.സി.വൈ.എൽ ആശംസകൾ നേരുകയും ഫാ. ജിബിൽ കുഴിവേലിൽ അവർക്കുവേണ്ടി പ്രാർത്ഥിച്ച് അനുഗ്രഹിക്കുകയും ചെയ്തു. തുടർന്ന് കുവൈറ്റിലെ പ്രശസ്ത ഗായകൻ ശ്രീ. റംസി ജോണിന്റെ നേതൃത്വത്തിലുള്ള ശ്രുതിലയ മ്യൂസിക്ക് ബാന്റ് അവതരിപ്പിച്ച ഗാനമേളയും അവതരണമികവുകൊണ്ട് ശ്രദ്ധേയമായി. 150–ഓളം യുവജനങ്ങൾ പങ്കെടുത്ത യോഗത്തിൽ സന്തോഷത്തിന്റെയും സൗഹൃദത്തിന്റെയും സന്ദേശം വിളിച്ചോതിയ സ്നേഹവിരുന്നും ഒരു പുത്തൻ ഉണർവ് പകർന്നു.

ക്നാനായ തനിമയിൽ അഭിമാനിക്കുകയും അതിന്റെ പാരമ്പര്യം മുറുകെപ്പിടിക്കുകയും ചെയ്യുന്ന ക്നാനായ യുവജനങ്ങൾക്ക് സമൂഹത്തിനും സമുദായത്തിനും ഗുണകരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കുവൈറ്റ് കെ.സി.വൈ.എൽ-നു സാധിക്കട്ടെ എന്നു ഉദ്ഘാടന പ്രസംഗത്തിൽ ഫാ. ജിബിൽ കുഴിവേലിൽ ആശംസിച്ചു.



ജിബിൻ ജോസഫ്
പന്നിമറ്റത്തിൽ, പേരൂർ
ചെയർമാൻ



സിബി ചെറിയാൻ
മറ്റത്തിൽ, പുന്നത്തുറ
ഡയറക്ടർ (KKCA പ്രസിഡന്റ്)



ലിജു ജോസഫ്
മേക്കാട്ടേൽ, കിടങ്ങൂർ
(സെക്രട്ടറി)



തോമസ് ബാബു, മാലേപ്പറമ്പിൽ
എസ്.എച്ച്. മൗണ്ട്
(ട്രഷറർ)



സിബിൻ എബ്രാഹം
കളപ്പുരയിൽ, അറുനൂറ്റിമംഗലം
(വൈസ് ചെയർമാൻ)



ഷിന്റു തോമസ്
തച്ചേരിൽ, ഇരവിമംഗലം
(ജോയിന്റ് സെക്രട്ടറി)

## എക്സിക്യൂട്ടീവ് മെംബേഴ്സ്



അരുൺ തങ്കച്ചൻ
മുല്ലപ്പള്ളിൽ, തടിയമ്പാട്



സച്ചിൻ ഫിലിപ്പ്, മരോട്ടിക്കുഴിയിൽ
ഒടയംചാൽ



സാലസ് എബ്രാഹം
തൊട്ടിയിൽ, ഉഴവൂർ



ജിബിൻ ജോണി, നാരകത്തിനാംകുന്നേൽ
എൻ.ആർ.സിറ്റി



ഡോണാമോൾ കുര്യാക്കോസ്
വട്ടക്കാനായിൽ, കുറുപ്പന്തറ



ജോൺ മാത്യു (അനിമോൻ)
കോരപ്പള്ളിയിൽ, പറമ്പഞ്ചേരി



റിനോ ജോസഫ്, തെക്കേടത്ത്

### നന്ദി

2015 കുവൈറ്റ് കെ.സി.വൈ.എൽ-ന്റെ രൂപീകരണത്തിനുവേണ്ടി എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തുതന്ന 2015-ലെ കെ.കെ.സി.എയുടെ റിനോ ജോസഫ് തെക്കേടത്തിന്റെ നേതൃത്വത്തിലുള്ള ഭരണസമിതിക്കും കമ്മിറ്റിയംഗങ്ങൾക്കും സബ് കമ്മിറ്റിയംഗങ്ങൾക്കും ക്നാനായാംഗങ്ങൾക്കും അതിരൂപതാ കെ.സി.വൈ.എൽ ഭരണസമിതിക്കും കൂവൈറ്റ് കെ.സി.വൈ.എൽ-ന്റെ നന്ദി രേഖപ്പെടുത്തുന്നു.







